പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1975** **07.12.2015 ന് മറുപടിയ്ക്ക്**

**ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, പി.സി വിഷ്ണുനാഥ്**<br>**,, ബെന്നി ബെഹനാൻ**<br>**,, വർക്കല കഹാർ :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ; | (ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിതമദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിമുക്ത ചികത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നിവ യാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ടം എക്സൈസ് വകുപ്പിനാണ്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമായാണ് തുക അനുവദിച്ചു വരുന്നത്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി 23.08.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം.147/13/ നി.വ.നം. ഉത്തരവ് പ്രകാരം ഡീ-അഡിക്ഷൻ സെന്ററുകളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം രൂപീകരിക്കുകയും ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടേയും സംസ്ഥാനതല സമിതിയുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ 9.6.2014 ലെ ജി.ഒ. (എം.എസ്)നം.86/2014/നി.വ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത 11 ലഹരിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് 1,00,35,840 രൂപ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**